## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**തൊഴിലുറപ്പു പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :583

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>'' മുല്ലക്കര രത്നാകരൻ<br>,, വി. ശശി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പു പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഉണ്ടായിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബ്ലോക്ക്തലത്തിൽ രണ്ട് അല്ലെങ്കിൽ മൂന്ന് ക്ലസ്റ്റർ ഫെസിലിറ്റേഷൻ ടീമുകളുടെ രൂപീകരണം<br>2. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ആദിവാസികൾ, നാടോടികൾ, 65 വയസ്സിനു മുകളിലുള്ള പൗരൻമാർ, എച്ച്.ഐ.വി പോസിറ്റീവ് ആയ വ്യക്തികൾ എന്നിവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.<br>3. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് പ്രത്യേക സംവിധാനം<br>4. മറ്റ് വകുപ്പുകളുടെ പ്രവർത്തനവുമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിക്കുന്നതിന് ജില്ലാ/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ റിസോഴ്സ് ഗ്രൂപ്പുകളുടെ രൂപീകരണം |

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്തുകളിൽ തൊഴിലുറപ്പു പദ്ധതിക്കായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; | (ബി) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | പഞ്ചായത്തുകളിൽ നിരീക്ഷണ സമിതികളും വിജിലൻസ് സെല്ലുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പഞ്ചായത്തുകളിൽ നിരീക്ഷണ സംവിധാനങ്ങളും വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികളും പ്രവർത്തിച്ച് വരുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പരിശോധിക്കുന്നതിന് ബ്ലോക്ക്/ ജില്ലാ സംസ്ഥാന ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ട്. പദ്ധതിയിലെ എല്ലാ മസ്റ്റർറോളുകളും പരിശോധിക്കുന്നതിന് വില്ലേജ് എക്സറ്റൻഷൻ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. വാർഡ്തലത്തിൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും മറ്റുമായി വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതാത് ഗ്രാമസഭകളുടെ തീരുമാന പ്രകാരമായിരിക്കണം വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടത്. പ്രസ്തുത കമ്മിറ്റിയിൽ 5 മുതൽ 7 പേർ അംഗങ്ങളായിരിക്കേണ്ടതും വനിത അംഗങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതുമാണ്. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ നിർബന്ധമായും അംഗങ്ങളായിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഗ്രാമപഞ്ചായത്ത് തലം

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ പദ്ധതിയിൽ തൊഴിൽ രജിസ്ട്രേഷൻ അധികാരിയായി നിയമിച്ചിട്ടുണ്ട്.
2. ഓരോ ഗ്രാമപഞ്ചായത്തിലും തൊഴിൽ രജിസ്ട്രേഷൻ അധികാരിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിന് ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
3. മൂന്ന്ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ അളവുകൾ അക്രഡിറ്റഡ് ഓവർസീയർ എടുക്കുന്നതിനും അവ ചെക്ക് മെഷർ ചെയ്യുന്നതിന് അക്രഡിറ്റഡ് എഞ്ചിനീയറിന് അനുമതി നൽകികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
4. പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ കൺവീനർ ആയിട്ടുള്ള പ്രസ്തുത കമ്മിറ്റിയിലെ അദ്ധ്യക്ഷൻ തസ്വഭവ എഞ്ചിനീയറാണ്.
5. 2011-12 സാമ്പത്തിക വർഷം 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുള്ള പഞ്ചായത്തുകളിൽ രണ്ടാമത് ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
6. 2012-13 സാമ്പത്തിക വർഷം 200 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുള്ള പഞ്ചായത്തുകളിൽ മൂന്നാമത് ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
7. ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ പ്രവർത്തനത്തിലേക്കായി ആവശ്യമായ കമ്പ്യൂട്ടർ, ഡിജിറ്റൽ ക്യാമറ മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.
8. ഗ്രാമപഞ്ചായത്ത്തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.
9. ഗ്രാമപഞ്ചായത്ത്തലത്തിൽ പദ്ധതിയുടെ പ്രചരണത്തിനായി ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്.
10. ഗ്രാമപഞ്ചായത്ത് വാർഡ്തലത്തിൽ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും മറ്റുമായി വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റികൾ നിലവിലുണ്ട്.
11. പദ്ധതിയുടെ ഫലപ്രദവും സമയബന്ധിതവുമായ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വാർഡ് മെമ്പർ അദ്ധ്യക്ഷനായി ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും വാർഡ്തല കോർഡിനേഷൻ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

12. പദ്ധതി പ്രവർത്തനത്തിൽ സാധനസാമഗ്രികളുടെ വില നിശ്ചയിക്കുന്നതിനും അവ വാങ്ങുന്നതിനും പഞ്ചായത്തുകളെ സഹായിക്കുന്നതിലേക്ക് ഓരോ പഞ്ചായത്തിലും 'സബ്കമ്മറ്റിയും പ്രൊക്യൂർമെന്റ് കമ്മറ്റിയും' രൂപീകരിച്ചിട്ടുണ്ട്.

13. പദ്ധതിയിൽ പ്രവൃത്തികളുടെ ബാഹുല്യത്താൽ നിലവിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം പോരാതെ വരുന്ന പക്ഷം പൊതുമരാമത്ത് വകുപ്പ്, വാട്ടർ റിസോഴ്സസ്സ് വകുപ്പ്, വിദ്യുച്ഛക്തി ബോർഡ്, ഭവനനിർമ്മാണബോർഡ് തുടങ്ങിയവയിലെ എഞ്ചിനീയർമാരുടെ സേവനവും ഉപയോഗിക്കാവുന്നതുമാണ്.

Dey